File No.DMA2/767/2020-DMD-Part(2)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ദുരന്ത നിവാരണ (എ) വകുപ്പ്

നമ്പർ.ഡി.എം.എ2/767/2020-ഡി.എം.ഡി-part(2)

28/05/2021,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും

സർ,

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - കോവിഡ് -19 വ്യാപനം തടയുന്നതിനുള്ള നടപടികൾ -സംസ്ഥാന തല ലോക്ക് ഡൗണിൽ ഇളവുകൾ അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സ.ഉ(സാധാ)നം.404/2021/ഡി.എം.ഡി തീയതി 07.05.2021

2. സ.ഉ(സാധാ)നം.416/2021/ഡി.എം.ഡി തീയതി 14.05.2021

3. സ.ഉ(സാധാ)നം.432/2021/ഡി.എം.ഡി തീയതി 21.05.2021

4. 24.05.2021 തീയതിയിലെ ഡി.എം.എ2/7/2021-ഡി.എം.ഡി നമ്പർ സർക്കാർ കത്ത്

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് -19 നിർവ്യാപന പ്രവർത്തങ്ങളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പ്രഖ്യാപിച്ചിട്ടുള്ള പൊതു നിയന്ത്രണങ്ങൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ഇളവുകൾക്ക് പുറമെ താഴെപ്പറയുന്ന ഇളവുകൾ കൂടി അനുവദിക്കാവുന്നതാണെന്ന് അറിയിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനാവശ്യമായ നിർദേശങ്ങൾ അടിയന്തിരമായി നൽകേണ്ടതാണ്.

1. ചകിരി ഉപയോഗിച്ചുള്ള കയർ നിർമാണത്തിനായി ഉപയോഗിക്കുന്ന യന്ത്രങ്ങൾ കേട്ട കൂടാതെ സൂക്ഷിക്കാൻ അവ ആഴ്ചയിൽ രണ്ടു ദിവസം ഉപയോഗിക്കാനുള്ള അനുമതി (ചൊവ്വ, ശനി ദിവസങ്ങൾ )
2. Women Hygiene സാധനങ്ങൾ വില്പന സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള വാഹനങ്ങൾക്ക് അനുമതി
3. കണ്ണടകൾ വില്പനയും അറ്റകുറ്റപ്പണികളും നടത്തുന്ന കടകൾ (ചൊവ്വ, ശനി ദിവസങ്ങൾ )
4. ശ്രവണ സഹായ ഉപകരണങ്ങൾ വിൽക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്ന കടകൾ (ചൊവ്വ, ശനി ദിവസങ്ങൾ )
5. കൃത്രിമ കാലുകൾ വില്പനയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുന്ന കടകൾ (ചൊവ്വ, ശനി ദിവസങ്ങൾ )
6. ഗ്യാസ് സ്റ്റവ് അറ്റകുറ്റപ്പണികൾ നടത്തുന്ന കടകൾ (ചൊവ്വ ശനി ദിവസങ്ങൾ )
7. മൊബൈൽ ഫോണും കംപ്യൂട്ടറും അറ്റകുറ്റപ്പണികൾ നടത്തുന്ന കടകൾ (ചൊവ്വ, ശനി ദിവസങ്ങൾ )

മുകളിൽ പരാമർശിച്ചിട്ടുള്ള ഇളവുകൾ അതി തീവ്ര രോഗ വ്യാപനം മുൻനിർത്തി കൂടുതൽ കടുത്തത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലയ്ക്ക് ബാധകമല്ല എന്നുള്ള വിവരം കൂടി അറിയിക്കുന്നു

വിശ്വസ്തതയോടെ,

ഷൈൻ.എ.ഹക്ക്

അഡീഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.